# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 220 28/01/2019-ൽ മറുപടിക്ക്

## എച്ച്.ഐ.വി-എയ്ഡ്സ് ബാധിതരുടെ സംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.എം.ഉമ്മർ** | | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് എച്ച്.ഐ.വി - എയ്ഡ്സ് ബാധിതരുടെ അവകാശ സംരക്ഷണത്തിനായി എന്തെല്ലാം നിയമ പരിരക്ഷ ഉറപ്പവരുത്തിയിട്ടുണ്ട്; വിശദമാക്കാമോ; | എ) | എച്ച്.ഐ.വി അണുബാധിതരുടെ അവകാശം സംരക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച The Human Immunodeficiency Virus and Acquired Immune Deficiency Syndrome (Prevention and Control) Act, 2017 സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |
| ബി) | എച്ച്.ഐ.വി-എയ്ഡ്സ് ബാധിതരും അവരുടെ മക്കളും പൊതു സ്ഥലങ്ങളിൽ നേരിടുന്ന വിവേചനം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇത്തരം കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | ബി) | കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി എച്ച്.ഐ.വി അണുബാധിതർക്കുണ്ടാകുന്ന അവഗണനയും വിവേചനവുമായി ബന്ധപ്പെട്ടിട്ടുള്ള പരാതികൾ ലഭിച്ചതിന്മേൽ നേരിട്ട് അന്വേഷണം നടത്തുകയും അവർക്ക് സമൂഹത്തിൽ മാന്യമായി ജീവിക്കുന്നതിനുള്ള അനുകൂല സാഹചര്യം സംജാതമാക്കിയിട്ടുമുണ്ട്. എച്ച്.ഐ.വി ബാധിതരായ കുട്ടികൾക്ക് വിദ്യാഭ്യാസ സ്ഥാപനത്തിൽ അവഗണനയും വിവേചനവും ഉണ്ടാകാതിരിക്കുന്നതിന് 30/01/2003 തീയതിയിലെ സ.ഉ.(സാധാ.) നം. 3114/2003/ആ.കു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.) ART ചികിത്സ എടുക്കുന്ന അണുബാധിതരായ മാതാപിതാക്കളുടെ അണുബാധിതരായി ചികിത്സയിലുള്ള കുട്ടികൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന സ്നേഹപൂർവ്വം വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ സഹായം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

4

2258

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്-വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, മറ്റു ജീവനക്കാർ എന്നിവരെ ലക്ഷ്യമാക്കി തയ്യാറാക്കിയ എച്ച്.ഐ.വി/എയ്ഡ്സ് നയരൂപരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ(എഫ്ഡബ്ള്യൂ) വകുപ്പ്

സ.ഉ(സാധാ)നം.3114/2003/ആ.ക.വ. തീയതി, തിരുവനന്തപുരം,30.10. 2003.

---

<u>ഉത്തരവ്</u>

1. എച്ച്.ഐ.വി. ബാധിതരായ ആളുകൾക്ക്, പ്രത്യേകിച്ച് കുട്ടികൾക്ക് സമൂഹമദ്ധ്യത്തിൽ അവഗണന നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിനും, പൊതുജനങ്ങൾക്കും, മറ്റുള്ളവർക്കും ഇതു സംബന്ധിച്ച് ഉചിതമായ ബോധവൽക്കരണം നൽകുന്നതിനും ലക്ഷ്യമാക്കി തയ്യാറാക്കിയ നയരൂപരേഖ അംഗീകരിച്ച് ഈ ഉത്തരവിന് അനുബന്ധമായി പുറപ്പെടുവിക്കുന്നു.

2)എച്ച്.ഐ.വി. പോസിറ്റീവ് ആയിട്ടുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടി വിദ്യാഭ്യാസവകുപ്പ് പ്രോജക്ട് തയ്യാറാക്കേണ്ടതാണെന്നും ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഇ.കെ.ഭരത്ഭൂഷൺ
സെക്രട്ടറി

പ്രോജക്ട് ഡയറക്ടർ, നാക്കോ.
പ്രോജക്ട് ഡയറക്ടർ, കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി.
ഡയറക്ടർ പബ്ലിക്ക് റിലേഷൻസ്.
ഡയറക്ടർ പബ്ലിക്ക് ഇൻസ്ട്രക്ഷൻസ്
ഡയറക്ടർ പഞ്ചായത്ത്/തദ്ദേശ സ്വയംഭരണം.
സംഭരണ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

SRCS4/2254(v3)

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

## എച്ച്.ഐ.വി/എയ്ഡ്സ് നയരൂപരേഖ

1. ഈ നയരൂപരേഖ പ്രധാനമായും ഉദ്ദേശിക്കുന്നത് നിലവിലുള്ള വിദ്യാഭ്യാസരീതികളിൽ നിന്നുകൊണ്ടു തന്നെ എച്ച്.ഐ.വി./എയ്ഡ്സിന്റെ സാമൂഹികവും, സാമ്പത്തികവും, വികസനപരവുമായ തിക്തഫലങ്ങൾ വിദ്യാഭ്യാസമേഖലയിൽ കുറച്ചുകൊണ്ടുവരുവാനാണ്. എച്ച്.ഐ.വി. ബാധിതരായ കുട്ടികൾക്കു വേണ്ടി പ്രത്യേക സ്കൂൾ തുടങ്ങുന്നത് സംബന്ധിച്ച നിർദ്ദേശം ദേശീയ അന്താരാഷ്ട്ര തലങ്ങളിൽ അംഗീകരിക്കപ്പെടാത്തതും അണുബാധിതരായ കുട്ടികൾ കൂടെ പഠിക്കുന്നത്കൊണ്ട് മറ്റു കുട്ടികൾക്ക് രോഗം പകരാനുള്ള യാതൊരു സാദ്ധ്യതയും ഇല്ലാത്തതുകൊണ്ട് ഈ കുട്ടികളെ മറ്റുള്ളവരിൽനിന്ന് മാറ്റി നിർത്തുന്നതിന് യാതൊരു ന്യായീകരണവും ഇല്ല.

2. അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്ക് അനുസൃതമായി പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം, വിവേചനത്തിന് എതിരായ അവകാശം, ജീവിക്കുവാനുള്ള അവകാശം, സ്വകാര്യതയ്ക്കുള്ള അവകാശം, അറിവു നേടുവാനുള്ള അവകാശം, സുരക്ഷിത ചുറ്റുപാട്, കുട്ടിയുടെ അഭിരുചിക്ക് അനുകൂലമായ സാഹചര്യങ്ങൾ എന്നിവ ഇന്ത്യൻ ഭരണഘടന ഉറപ്പുവരുത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇവയെ സംബന്ധിക്കുന്ന ഒരു സംസ്ഥാന നയരേഖ അത്യാവശ്യമാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും എച്ച്.ഐ.വി/എയ്ഡ്സ് ഒരു പ്രധാന ആരോഗ്യ പ്രശ്നമായ സാഹചര്യത്തിൽ കേരളത്തിലും വരുംകാലങ്ങളിൽ ഇത് ഒരു പ്രധാന ആരോഗ്യപ്രശ്നമായി മാറുവാനുള്ള സാഹചര്യം വളരെ കൂടുതലാണ്

3. എച്ച്.ഐ.വി. ബാധിതരായകുട്ടികളും മറ്റുള്ളവരും അണുബാധക്കുശേഷവും വളരെക്കാലം ആരോഗ്യത്തോടെ ഇരിക്കാറുണ്ട്. എച്ച്.ഐ.വി. അണുബാധ സ്കൂളിലെ മറ്റുകുട്ടികൾക്ക് സാധാരണ ജീവിതരീതികളിലൂടെ ഒരു തരത്തിലും പകരുന്നില്ല. എന്നാൽ ഈ രോഗികളോടുള്ള വിവേചനം അണുബാധിതരായവർക്ക് വിദ്യാഭ്യാസത്തിനുള്ള അവകാശവും അതുവഴി അർത്ഥപൂർണ്ണമായ ജീവിതത്തിനുള്ള അവകാശവും നിഷേധിക്കുന്നത് ശരിയല്ല.

4. എച്ച്.ഐ.വി, വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഉണ്ടാകാറുള്ള സാധാരണ സാമൂഹിക ഇടപെടലിലൂടെ മറ്റൊരാളിലേക്ക് പകരുവാൻ സാദ്ധ്യതയില്ല. എച്ച്.ഐ.വി. അണുബാധ അറിയുന്നതിനുള്ള നിർബന്ധിതമായ പരിശോധന ദേശീയ എയ്ഡ്സ് നയത്തിനെതിരാണ്താനും. എച്ച്.ഐ.വി./എയ്ഡ്സ് അണുബാധയുടെ പേരിൽ വിദ്യാർത്ഥികൾക്കോ, അദ്ധ്യാപകർക്കോ മറ്റ് ജീവനക്കാർക്കോ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നിഷേധിക്കാൻ പാടില്ല.

5. എച്ച്.ഐ.വി. അണുബാധ തടയുന്നതിനും ഈ രോഗത്തെ സംബന്ധിച്ച ഭയവും, എച്ച്.ഐ.വി. ബാധിതരോടുള്ള അകാരണമായ വെറുപ്പും വിവേചനവും ഇല്ലാതാക്കുന്നതിനുവേണ്ടിയും എച്ച്.ഐ.വി./എയ്ഡ്സ്നെ സംബന്ധിച്ച വ്യക്തമായ അറിവ് വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും മറ്റു ജീവനക്കാർക്കും നല്കേണ്ടതാണ്. എച്ച്.ഐ.വി/എയ്ഡ്സിനെ സംബന്ധിച്ച പ്രായോചിതമായ വിവരങ്ങൾ ഓരോ പാഠ്യപദ്ധതിയുടെയും ഭാഗമാക്കേണ്ടതാണ്. കൂടാതെ രക്തജന്യരോഗങ്ങളായ ഹെപ്പറ്റൈറ്റിസ് ബി,സി, എച്ച്.ഐ.വി. തുടങ്ങിയ രോഗങ്ങൾ തടയുന്നതിനുവേണ്ടി അവയെ സംബന്ധിച്ച അറിവ് നല്കുകയും, ഇത് ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് പകരുന്നത് തടയുന്നതിനുള്ള "സാർവ്വത്രിക മുൻകരുതലുകൾ" നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

സെക്ഷൻ ഓഫീസർ